## പതിനാലാം കേരള നിയമസഭ
### അഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത നിയമസഭാ ചോദ്യം നം.2037 05/05/2017-ൽ മറുപടിയ്ക്ക്

**പട്ടികജാതി പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഭൂമിയും വീട്ടും ലഭ്യമാക്കുന്നതിന് പദ്ധതി വിഹിതം**

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. ആർ. രാജേഷ് : | | ശ്രീ. എ.കെ.ബാലൻ<br>(പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി) | |
| (എ) | പട്ടികജാതി പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂമിയും വീടുമില്ലാത്തവർക്ക് ഇവ ലഭ്യമാക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട ഭൂരഹിതർക്ക് "ഭൂമി വാങ്ങി നല്കൽ പദ്ധതി", ആദിവാസി പുനരധിവാസ വികസന മിഷൻ, തുടങ്ങിയ പദ്ധതികൾ പ്രകാരം ഭൂമി ലഭ്യമാക്കി വരുന്നു. ആദിവാസി വനാവകാശ നിയമ പ്രകാരവും സുപ്രീം കോടതിയിൽ നിന്നും, വിതരണത്തിന് അനുമതി ലഭിച്ച ഭൂമിയും വിതരണം ചെയ്യുന്നതാണ്. ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് ജനറൽ ഹൗസിംഗ് പദ്ധതി, എ.റ്റി.എസ്.പി. ഭവന പദ്ധതി, ഹഡ്കോ ഭവന പദ്ധതി എന്നിവയിൽ ഉൾപ്പെടുത്തി വീടുകൾ അനുവദിച്ച് വരുന്നു. 2016-17 സാമ്പത്തിക വർഷം മുതൽ വനബന്ധു കല്യാൺ യോജന പദ്ധതിയിൽ ഉൾപ്പെടുത്തിയും വീടുകൾ അനുവദിച്ചിട്ടുണ്ട്. ഇവ കൂടാതെ ഗ്രാമ വികസനവകുപ്പ് മുഖാന്തിരം പി.എം.എ.വൈ ഭവന പദ്ധതിയിൽ ഉൾപ്പെടുത്തിയും പട്ടിക വർഗ്ഗക്കാർക്ക് വീടുകൾ അനുവദിച്ച് വരുന്നു.<br><br>പട്ടികജാതിയിൽപ്പെട്ട ഭൂമിയും വീടും ഇല്ലാത്ത വർക്ക്, ഭൂമിയും വീടും നല്കുന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. ഭൂമി നല്കുന്ന പദ്ധതിയും വീട് നല്കുന്ന പദ്ധതിയും വെവ്വേറെയാണ് നടപ്പി ലാക്കുന്നത്. ഭൂമിയില്ലാത്ത പട്ടികജാതി വിഭാഗത്തിൽപ്പെട്ടവർക്ക് സ്വന്തമായി ഭൂമി വാങ്ങുന്നതിന് ഗ്രാമ പ്രദേശങ്ങളിൽ സെന്റ് 1-ന് 75,000/- രൂപ നിരക്കിൽ 5 സെന്റ് ഭൂമി വാങ്ങുന്നതിനും, മുൻസിപ്പാലിറ്റികളിൽ സെന്റ് 1-ന് 1.50 ലക്ഷം രൂപ നിരക്കിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിനും, കോർപ്പറേഷനുകളിൽ സെന്റ് 1-ന് 2 ലക്ഷം രൂപ |

| | | | |
|---|---|---|---|
| | | | നിരക്കിൽ 3 സെന്റ് ഭൂമി വാങ്ങുന്നതിനും പട്ടികജാതി വികസന വകുപ്പ് മുഖേന ധനസഹായം അനുവദിച്ചു വരുന്നു. ഇതിലേയ്ക്ക് ഓരോ വർഷവും, ഭൂമി വാങ്ങുന്നതിന് ധനസഹായം നൽകുന്നതിനായി പ്രത്യേകം തുകകൾ ബജറ്റിൽ വകയിരുത്തുകയും ടി തുക വർഷാരംഭത്തിൽ ജില്ലകൾക്ക് അനുവദിച്ച് നൽകുകയും ചെയ്യുന്നു. പ്രസ്തുത തുകയ്ക്ക് അനുസൃതമായി ഗുണഭോക്താക്കളെ തിരഞ്ഞെടുത്ത് ധനസഹായം അനുവദിച്ചു വരുന്നു. രണ്ട് പദ്ധതിയ്ക്കും ഗ്രാമസഭ/വാർഡ് സഭ ലിസ്റ്റിൽ ഉൾപ്പെട്ട വർക്കാണ് പ്രധാനമായും ധനസഹായം അനുവദിക്കുന്നത്. ഗ്രാമസഭ ലിസ്റ്റ് ലഭ്യമല്ലാത്ത സാഹചര്യത്തിൽ നേരിട്ട് അപേക്ഷ ക്ഷണിച്ച് ഗുണഭോക്താക്കളെ തിരഞ്ഞെടുക്കുന്നു. സ്വന്തമായി വീടില്ലാത്ത പട്ടികജാതിക്കാർക്ക് ഭവന നിർമ്മാണ ധനസഹായമായി 3 ലക്ഷം രൂപയും ദുർബല വിഭാഗ പുനരധിവാസ പദ്ധതി പ്രകാരം 3.5 ലക്ഷം രൂപയും അനുവദിച്ചു നൽകുന്നു. ഭൂരഹിതർക്ക് ഭൂമി വാങ്ങുന്നതിന് 2017-18 വർഷം 180 കോടി രൂപയും ഭവന നിർമ്മാണ സഹായത്തിന് 500 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്. 2017-18 ലേയ്ക്കുള്ള ഫണ്ട് ജില്ലകൾക്ക് അനുവദിച്ചു നൽകുകയും ഗ്രാമസഭാ ലിസ്റ്റ് 2017 മെയ് 15 നകം ലഭ്യമാക്കി ഗുണഭോക്താക്കൾക്ക് ധനസഹായം അനുവദിച്ചു നൽകുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. ഗ്രാമവികസന വകുപ്പ് പി.എം.എ.വൈ പദ്ധതിയിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ, എസ്.സി.എസ്.പി പദ്ധതി വിഹിതത്തിൽ നിന്നും ഭവന പദ്ധതികൾ നടപ്പാക്കി വരുന്നു. |
| **(ബി)** | പ്രസ്തുത ആവശ്യത്തിലേക്ക് കേന്ദ്ര സംസ്ഥാന സർക്കാരു കളുടെ പദ്ധതി വിഹിതം എത്രയാണ്; വിശദമാക്കുമോ; | **(ബി)** | പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ടവർക്ക് ഭൂമി നൽകുന്ന പദ്ധതിയിൽ സംസ്ഥാന വിഹിതം മാത്രമാണുള്ളത്. നടപ്പു സാമ്പത്തികവർഷം ഭൂമി വാങ്ങി നൽകുന്നതിനും, പട്ടികവർഗ്ഗ പുനരധിവാസ പ്രവർത്തനങ്ങൾക്കുമായി "ആദിവാസി പുനരധിവാസ വികസന മിഷൻ" പദ്ധതിയിൽ 50 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.<br><br>ഭവന രഹിതരായ പട്ടികവർഗ്ഗക്കാർക്ക് പുതിയ വീടുകൾ അനുവദിക്കുന്നതിനും, മുൻ വർഷങ്ങളിൽ അനുവദിച്ച വീടുകളുടെ തുടർ ഗഡുക്കൾ അനുവദിക്കാനും, ഭവന പുനരുദ്ധാരണത്തിനുമായി ജനറൽ ഹൗസിംഗ് പദ്ധതി ശീർഷകത്തിൽ നടപ്പു സാമ്പത്തിക വർഷം സംസ്ഥാന പദ്ധതിയിൽ 115.08 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. |

| | | | |
|---|---|---|---|
| | | | പട്ടികവർഗ്ഗക്കാർക്ക് വീട് അനുവദിക്കുന്ന മറ്റ് പദ്ധതിയായ വനബന്ധു കല്യാൺ യോജന പദ്ധതിയിൽ നടപ്പ് സാമ്പത്തിക വർഷം 10 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. ആയതിൽ 100% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു. കൂടാതെ ഗ്രാമവികസന പരിപാടിയിൽ ഉൾപ്പെടുന്ന പി.എം.എ.വൈ പദ്ധതിയുടെ 2017-18 സാമ്പത്തികവർഷത്തെ വിഹിതം 4559.20 ലക്ഷം രൂപയാണ്. ആയതിൽ 60% കേന്ദ്ര വിഹിതമായി പ്രതീക്ഷിക്കുന്നു.<br><br>2017-18 വർഷത്തിൽ ഭൂമി വാങ്ങുന്നതിനുള്ള ധനസഹായമായി 180 കോടി രൂപയും ഭവന നിർമ്മാണ സഹായമായി 500 കോടി രൂപയും സംസ്ഥാന വിഹിതമായി പട്ടികജാതി വികസന വകുപ്പിൽ വകയിരുത്തിയിട്ടുണ്ട്. |
| **(സി)** | ഇതിൽ കേന്ദ്ര സർക്കാരിൽ നിന്നും എത്ര തുക അനുവദിച്ചിട്ടുണ്ടെന്നും എത്ര തുക ലഭ്യമായിട്ടുണ്ടെന്നും വ്യക്തമാക്കുമോ? | **(സി)** | പട്ടികജാതി / പട്ടികവർഗ്ഗക്കാർക്ക് കേന്ദ്ര സർക്കാരിൽ നിന്നും നാളിതുവരെയായി തുക ഒന്നും ലഭ്യമായിട്ടില്ല. |

സെക്ഷൻ ഓഫീസർ